## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1379

11.06.2018- ൽ
മറുപടിയ്ക്ക്

# പയ്യന്നൂർ മണ്ഡലത്തിലെ പട്ടയ വിതരണം

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിലെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമിപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് എരമം വില്ലേജിലെ 70/1 എ, 70/1 എ 3, 70/1 എ 5 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട കൈവശക്കാരിൽ നിന്നും കൈവശക്കാരുടെ കൈവശരേഖകൾ പരിശോധിച്ച് അർഹരായ 60 ഓളം പേരിൽ നിന്ന് നികതി സ്വീകരിച്ചിട്ടുണ്ട്. ആലപ്പടമ്പ വില്ലേജിലെ റീ.സ. 46/1, 2/17 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന വെളിച്ചംതോട് കോളിനിയിലെ 62 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയിട്ടുള്ളതാണ്. വെള്ളൂർ വില്ലേജിലെ റീ.സ.109-ൽപ്പെട്ട 50 സെന്റ് മിച്ചഭൂമിയിൽ 2 കൈവശക്കാർക്ക് ഓഫറും, ഡീഡും നൽകിയിട്ടുള്ളതാണ്. പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 9 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ടി ഭൂമി ഡീറിസർവ്വ് ചെയ്യുന്നതിന് ലാൻഡ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുറ്റൂർ വില്ലേജിൽ സർവ്വെ ചെയ്തതനുസരിച്ച് മിച്ചഭൂമിയല്ലെന്ന് കണ്ടെത്തിയ 6 കേസുകളിൽ നികതി സ്വീകരിച്ചിട്ടുള്ളതാണ്. പെരിന്തട്ട വില്ലേജിൽ റീ.സ.14/3-ൽ മിച്ചഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ.പ്രസാദ് ഉണോളി എന്നവർ ഫയൽ ചെയ്ത WP(C) -

15729/17 നമ്പർ കേസിൽ സ്റ്റേ നിലവിലുള്ളതിനാൽ തുടർ നടപടികൾ ബഹു.ഹൈക്കോടതി നിർത്തിവെച്ച് ഉത്തരവായിട്ടുള്ളതാണ്. വെള്ളോറ വില്ലേജിൽ 45 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി പരാതികൾ പരിഹരിച്ച് എത്ര പേർക്ക് പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞു;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ ഭൂമി പ്രശ്നം പരിഹരിച്ച് 125 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇനി എത്ര കേസുകളാണ് നിലനിൽക്കുന്നത്; ഇവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി) ഓഡർ ഓഫ് അസൈൻമെന്റ് നൽകിയ 24 കേസുകളിൽ പട്ടയം വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**